## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4509

17.12. 2014 ൽ മറുപടിക്ക്.

### സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ മിനിമം വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. കെ. രാജു | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വിഭാഗം ജീവനക്കാരുടെയും മിനിമം വേതനം എത്ര വീതമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്; മിനിമം വേതനം നിലവിൽ വന്നിട്ട് എത്ര കാലമായി ; | (എ) സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും വേണ്ടി വ്യത്യസ്ത വേതന നിരക്കുകൾ ഉൾപ്പെടുത്തി സർക്കാരിന്റെ സ.ഉ (എം.എസ്) നമ്പർ 135/2013/ തൊഴിൽ പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 2013- നവംബർ മുതൽക്ക് പ്രാബല്യത്തിൽ വന്ന പ്രസ്തുത വിജ്ഞാപനത്തിലെ ഓരോ വിഭാഗം ജീവനക്കാർക്കുമുള്ള വേതന നിരക്ക് പ്രസ്താവിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ആയത് തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ളത് കാണാവുന്നതാണ്. |
| (ബി) ജീവനക്കാർക്ക് മിനിമം വേതനം നൽകാത്ത ആശുപത്രികളുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ആശുപത്രികൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഓരോ ജില്ലയിലും ഇത്തരം എത്ര ആശുപത്രികളുണ്ട്; വിശദമാക്കാമോ? | (ബി) ഉണ്ട്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടേയും, ജില്ലാ ലേബർ ആഫീസർമാരുടേയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്തുകയും, നിയമലംഘനം കണ്ടെത്തിയ സ്ഥാപനങ്ങളിൽ സ്ഥാപന ഉടമകൾക്കെതിരെ നിയമ |

നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മിനിമം വേതനം നടപ്പിലാക്കിയിട്ടില്ലാത്ത സ്വകാര്യ ആശുപത്രികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ആശുപത്രികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 11 |
| കൊല്ലം | 5 |
| ആലപ്പുഴ | 18 |
| പത്തനംതിട്ട | 4 |
| കോട്ടയം | 10 |
| എറണാകുളം | 5 |
| തൃശ്ശൂർ | 13 |
| പാലക്കാട് | 4 |
| ഇടുക്കി | ഇല്ല |
| വയനാട് | 3 |
| മലപ്പുറം | 14 |
| കോഴിക്കോട് | 11 |
| കണ്ണൂർ | 5 |
| കാസർഗോഡ് | ഇല്ല |

സെക്ഷൻ ആഫീസർ.